**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം - തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (Urban) കൺവീനർ ആയി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1591/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 17/08/2021

---

പരാമർശം:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021-ൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.07.2021-ലെ ഡി.ബി.6-9544/17/സിഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 1 തീരുമാനപ്രകാരം, തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് ഒരു ആഭ്യന്തര സാങ്കേതിക പരിശോധനാ സംവിധാനം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (Urban) കൺവീനർ ആയി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021 ലെ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സാങ്കേതിക വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി(Urban) കൺവീനർ ആയി ഒരു കമ്മിറ്റി രൂപീകരിച്ച് കൊണ്ടും ടി കമ്മിറ്റിയിൽ ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

1.ശ്രീ.ജോൺസൺ കെ, ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

2.ശ്രീ.സന്ദീപ് കെ.ജി, ചീഫ് എൻജിനീയർ, കെ.എസ്.ആർ.ആർ.ഡി.ഡി.എ.

3.ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കാര്യാലയത്തിൽ നിന്നും ഒരു പ്രതിനിധി

4.ശ്രീ.അനിൽകുമാർ ജെ, സ്റ്റേറ്റ് ക്വോളിറ്റി കോ-ഓർഡിനേറ്റർ

5.Dr.അനിൽ ആർ., സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി (അസോസിയേറ്റ് പ്രൊഫസർ, സി.ഇ.റ്റി, തിരുവനന്തപുരം).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.ജോൺസൺ കെ,ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.സന്ദീപ് കെ.ജി,ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ., തിരുവനന്തപുരം.
3. ചീഫ് ടെക്നിക്കൽ എക്സാമിനർ, തിരുവനന്തപുരം.
4. ശ്രീ.അനിൽകുമാർ ജെ, സ്റ്റേറ്റ് ക്വാളിറ്റി കോ-ഓർഡിനേറ്റർ.
5. Dr.അനിൽ ആർ, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി

   (അസോസിയേറ്റ് പ്രൊഫസർ, സി.ഇ.റ്റി, തിരുവനന്തപുരം).
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8. തദ്ദേശ സ്വയംഭരണ(ഡി.സി./ഇ.യു.) വകുപ്പുകൾ.
9. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ